


പുതുവർഷ ചിന്തകൾ

# വർഷാരംഭം എന്ന് മുതൽ.....

സുധീർ പണിക്കവീട്ടിൽ

ഏദൻ തോട്ടത്തിൽ വച്ച് ആദം ഹവ്വയെ കണ്ടു മുട്ടിയ നിമിഷം മുതലാണോ വർഷാരംഭം? എങ്കിൽ അതൊരു കാലവർഷമായിരിക്കും. പേമാരി പെയ്ത് പെയ്ത് നോഹയുടെ തോണി പൊങ്ങി കിടന്ന പ്രളയത്തിനു ഹേതുവായ കാലവർഷം. അല്ലെങ്കിൽ ദൈവം ദുഷ്ടന്മാരെ ഉന്മൂലനം ചെയ്യാൻ പെയ്യിപ്പിച്ച വർഷം. അന്നു മുതലാണോ വർഷാരംഭം?. അതായ്ത് നല്ലവനായ നോഹയും കുടുംബവും പാപം ചെയ്യാത്ത പക്ഷിമ്രുഗാദികളിൽ ആണും പെണ്ണുമായി ഓരോരുത്തരും, ഭൂമിയിൽ ഒരു പെട്ടകത്തിനുള്ളിൽ ജീവിതമാരംഭിച്ച ദിവസം.അതോ അതു ചെന്നു അരാരത്ത് പർവ്വതത്തിൽ ഉറച്ച ദിവസം മുതലോ?

ജൂതന്മാരുടെ നവവർഷം (റോസ് ഹ ഷനാ) സൂചിപ്പിക്കുന്നത് ആദാമിനെയ്യും ഹവ്വയേയും സ്രുഷ്ടിച്ചതിൻെറ വാർഷിക ദിനമായിട്ടാണ്. അവർ പാപം ചെയ്ത ദിവസത്തിൻെറ വാർഷികമായിട്ടായിട്ടും ഇതിനെ കാണുന്നു. ജൂതന്മാർ അവരുടെ വർഷാരംഭത്തിൽ കാഹളം മുഴക്കുന്നു. (വീമ്പിളക്കുന്നുവെന്നും കാഹളമെന്നതിനു പകരം ഒരു പരിഭാഷ ചെയ്യാവുന്നതാണ്).

ഹീബ്രു ബൈബിൾ പ്രകാരം നവവർഷദിനത്തിൽ ശബ്ദമുയർത്തണം പിന്നെ ആപ്പിൾ തേനിൽ മുക്കി തിന്നണമെന്നൊക്കയാണ്. ഇത് ഒരു മധുരപുതുവർഷം വിളിച്ച് വരുത്താനാണത്രെ. മുട്ടനാടിൻെറ കൊമ്പ് കൊണ്ടുള്ള വിളി പാപപരിഹാരത്തിനായുള്ള വിളിയായി കരുതുന്നു. അന്നേ ദിവസമത്രെ എബ്രാഹം യാഗത്തിനായി ഐസക്കിനെ കെട്ടിയിട്ടതും ആ ബാലനു പകരമായി ഒരു മുട്ടനാട് യാഗമായി തീർന്നതും. നവ വർഷത്തിൽ കൊമ്പ് വിളിക്കുമ്പോൾ എബ്രാഹമിനു കിട്ടിയ പുണ്യത്തിൻെറ ഒരംശം ആ വർഷം മുഴുവൻ അങ്ങനെ ആചാരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്നുവെന്ന വിശ്വാസം. ഇത് പക്ഷെ ഇംഗ്ലീഷ് കലണ്ടർ ഒക്ടോബർ മാസത്തിലാണ്. ഈ ലോകത്ത് ഓരോ രാജ്യകാർക്കും ഓരോ മതകാർക്കും വ്യത്യസ്തങ്ങളായ നവവർഷാഘോഷങ്ങൾ ഉണ്ട്. വർഷാരംഭം എന്നു മുതൽ എന്ന് ആർക്കും തീർച്ചയില്ല. ***അപ്പോൾ പിന്നെ നമ്മളൊക്കെ ആഘോഷിക്കുന്ന ജനുവരി ഒന്നിനു എന്ത് പ്രാധാന്യം.*** ഇയ്യിടെ വാട്സപ്പിൽ വന്ന ഒരു സന്ദേശം ഇങ്ങനെയായിരുന്നു, നവ വർഷം എന്നും പറഞ്ഞു വെകിളി പിടിക്കണ്ട. കലണ്ടർ മാത്രമേ മാറുന്നുള്ളു. നിങ്ങളുടെ ജീവിതപങ്കാളിയും, ജോലിയും, എല്ലാം അതേപോലെ തന്നെയുണ്ടാകും.

സ്ര്ഷ്ടിയുടെ ആരംഭം, അതായിരിക്കാം ഒരു പക്ഷെ ഒരു പുതു വർഷമായി ആഘോഷിക്കേണ്ടത്. ആർഷഭാരതത്തിലെ പുരാണങ്ങളിൽ സ്രുഷ്ടിയെകുറിച്ച് ധാരാളം കഥകൾ ഉണ്ട്. കഥകളാണു ഒന്നിനും ഒരു തെളിവില്ല. അതിലൊന്നിൽ പറയുന്നു ഈ ലോകമുണ്ടായത് ഒരു സുവർണ്ണ അണ്ഡത്തിൽ നിന്നാണെന്ന്. അതല്ല അത് ആദിപുരുഷൻെറ ത്യാഗത്തിൽ നിന്നാണെന്ന് ചിലർ തിരുത്തുന്നു. ബ്രഹമാവാണു ഈ ലോകം സ്രുഷ്ടിച്ചതെന്നും അദ്ദേഹം ഒരു മുട്ട പൊട്ടിച്ചാണി ലോകമുണ്ടാക്കിയതെന്നും. അത്കൊണ്ടത്രെ ബ്രഹ്മാണ്ഡം എന്ന് ലോകത്തെ പറയുന്നത്. പണ്ട് പണ്ട് ഈ ലോകം അന്ധകാരത്തിൽ മുങ്ങി കിടന്നു. സൂര്യ ചന്ദ്രന്മാർ ഉണ്ടായിരുന്നില്ല.ചുറ്റും നിറഞ്ഞ് കിടക്കുന്ന വെള്ളം മാത്രം. കര കാണാത്ത ആ സമുദ്രത്തിൽ അനന്തൻ എന്ന പാമ്പ് പൊങ്ങി കിടന്നു. അതിൻെറ ചുരുളുകളിൽ വിഷ്ണു ഉറങ്ങി കിടന്നു. ഉറങ്ങികിടന്ന വിഷ്ണുവിൻെറ നാഭിയിൽ നിന്നും ഒരു താമര വളരന്നു. അതിൻെറ സുരഭില ഗന്ധം സ്വർഗീയമായിരുന്നു, അതിൻെറ ഇതളുകൾ പ്രഭാത സൂര്യനെപോലെ ചുവന്നിരുന്നു. ആ ദിവ്യ ഇതളുകൾ വിടർന്നപ്പോൾ നാലു തലയുള്ള ബ്രഹ്മാവ് പ്രത്യക്ഷ്പ്പെട്ടു. ഉറക്കമുണർന്ന വിഷ്ണു ഇടിവെട്ടുന്ന ശബ്ദത്തിൽ ചോദിച്ചു. ആരു് നീ. ബ്രഹ്മാവിൻെറ മറുപടി – ഞാനാണ് പ്രപഞ്ച സ്രുഷ്ടിയുടെ ഗർഭപാത്രം. എന്നിലാണു എല്ലാം സ്ഥിതിചെയ്യുന്നത്. എൻെറ ശരീരമാണു ഈ പ്രപഞ്ചം. ബ്രഹമാവിൻെറ ശരീരത്തിൽ നിന്നും മനുഷ്യർ ഉണ്ടായി. നെഞ്ചിൽ നിന്നും ആടുകൾ ഉണ്ടായി. പശു വയറ്റിൽ നിന്നുമുണ്ടായി. കാലിൽ നിന്നും കുതിരകൾ ഉണ്ടായി. കയ്യിൽ നിന്നും കാലിൽ നിന്നും ആന, ഒട്ടകം, പോത്ത്, മുതലായവ ഉണ്ടായി. സ്തോത്രങ്ങളും, പ്രാർത്ഥനാമന്ത്രങ്ങളും അദ്ദേഹത്തിൻെറ നാലു വായിൽ

നിന്നുമുണ്ടായി. എന്നാൽ ഇതെല്ലാം ഒരിക്കൽ നിലയ്ക്കും. വിഷ്ണു വീണ്ടും ഉറങ്ങും, താമരപൂവ്വ് മുളയ്ക്കും, ബ്രഹമാവ് ആവിർഭവിയ്ക്കും. വീണ്ടും പുതുവർഷം ആരംഭിക്കും. പക്ഷെ ഇത് സംഭവിക്കുന്നത് 365 ദിവസം കൂടുമ്പോഴല്ലാന്ന് മാത്രം. എന്നാലും ബ്രഹ്മാവ് അങ്ങനെ പ്രത്യക്ഷപ്പെട്ട ദിവസം ഭാരതത്തിലെ ജനങ്ങൾക്കറിയാം. ആ ദിവസം അവർ പുതുവർഷമായി ആഘോഷിക്കുന്നു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ അവരുടേതായ പുതുവർഷമുണ്ട്. മലയാളികൾ ചിങ്ങം ഒന്നും, മേടം ഒന്നും പുതുവർഷമായി കരുതുന്നു. ഗുജറാത്തികൾക്ക് ദീപാവലിയോടൊപ്പമാണു പുതുവർഷം വരുന്നത്. പഞ്ചാബികൾ അത് നമ്മുടെ മേടമാസത്തിൽ ആഘോഷിക്കുന്നു. തമിഴന്മാരുടെ, കന്നഡക്കാരുടെ പുതാണ്ടും, ബംഗാളികളുടേയു, ആസ്സാംകാരുടേയും നവവർഷങ്ങളും വരുന്നത് ഏപ്രിൽ മാസത്തിലാണ്. തെലുങ്കന്മാരുടെ ഉഗതി ബ്രഹ്മാവ് ഈ ലോകം സ്രുഷ്ടിക്കാൻ ആരംഭിച്ച ദിവസമാണത്രെ.

അപ്പോൾ പുതുവർഷം എന്നാരംഭിച്ചു എന്ന ചോദ്യത്തിനു പ്രസക്തിയില്ല. അത് ഓരോ ജനതയുടെ വിശ്വാസമനുസരിച്ച് സൗകര്യമനുസരിച്ച് ആഘോഷിക്കുന്നു. അമേരിക്കൻ മലയാളികളുടെ പുതുവർഷം എന്നായിരിക്കണം. ഏതൊ ഒരു നേഴ്സ് അമ്മാമ്മ ഇവിടെ എത്തിയ ദിവസമായി അത് ആഘോഷിക്കാവുന്നതാണ്. അവർക്ക് പുറകെ എത്തിചേർന്ന എല്ലാവരും കൂടി ആ ദിവസം കെങ്കേമമാക്കുന്നു. അതിൽ തർക്കവും, വന്നയാൾ ഇന്നയാളല്ല ഞങ്ങളുടെ സ്വന്തമാണെന്ന വാദപ്രതിവാദങ്ങളുമുണ്ടാകുമ്പോൾ ഒരു വർഷത്തിൽ തന്നെ പല മാസങ്ങളിൽ, പലയിടങ്ങളിൽ പുതുവർഷമുണ്ടാകും.ഓരോ കുടുംബക്കാർക്കും അവരുടെ കുടുംബാരംഭം എന്നുണ്ടായി എന്ന് ഗവേഷണം നടത്തി അത് അവരുടെ കുടുംബത്തിന്റെ പുതുവർഷമായി ആഘോഷിക്കാം. ഈ ലേഖകനു ഇതെഴുതുമ്പോൾ അങ്ങനെ ഒരാശയം ഉദിക്കുകയുണ്ടായി. പണിക്കർ വീട്ടിൽ (ആചാര്യന്റെ അല്ലെങ്കിൽ ഗുരുവിന്റെ വീട്) പണിക്കവീട്ടിൽ ആകുന്നു. ഏതൊ പണിക്കർ (ആചാര്യൻ, ഗുരു) കുട്ടികൾക്ക് ഹരിശ്രീ എഴുതി അവർക്ക് വിദ്യയുടെ ആദ്യകിരണങ്ങൾ കാണിച്ച് കൊടുത്ത ദിവസം. അത് പണിക്കവീട്ടിൽകാരുടെ പുതുവർഷം. അപ്പോൾ ഒരു പ്രശ്നമുണ്ടാകുന്നു. ഈ വീട്ട്പേരു, ഈഴവർക്കുണ്ട്, നായർക്കുണ്ട്, നമ്പൂതിരിക്കുണ്ട്, പട്ടർക്കുണ്ടു, ക്രുസ്ത്യാനിയ്ക്കുണ്ട്, മുസ്ലീമിനുണ്ട്. എന്ത് ചെയ്യും. വിദ്യ അഭ്യസിക്കലും ഒരു ജാതി ഒരു മതം എന്ന ഉൽക്രുഷ്ട ചിന്ത വച്ച് പുലർത്തലും തുടർന്നാൽ "പിന്നോക്കം" ആയിപോകുമെന്ന കരുതിയവർ തോളിലൂടെ ഒരു പൂണൂലിട്ട് കടന്നുപോയി., ചിലർ മാമോദീസ മുങ്ങി കടന്നുപോയി., ചിലർ സുന്നത്ത് കഴിച്ച് കടന്നുപോയി. എന്നാൽ അവരൊക്കെ പൂർവ്വ കുടുംബനാമം കൂടെ കൊണ്ട്പോയി. വിദ്യ അഭ്യസിപ്പിക്കുന്ന ആചാര്യന്മാരുടെ വീട് എന്നുള്ളത് എന്തിനു നഷ്ടപ്പെടുത്തണം,.

മലയാളി ആഘോഷഭ്രാന്തനാണ്. അവൻ അവന്റെ വിശേഷദിവസങ്ങൾ കൂടാതെ ചെന്നെത്തിയ സ്ഥലങ്ങളിലെ ആഘോഷങ്ങളും സ്വന്തമായി കരുതി അതിൽ പങ്ക് ചേരുന്നു. പുതു വർഷ തീരുമാനങ്ങൾ എല്ലാം നമ്മൾ തീർച്ചയായും ലംഘിച്ചിരിക്കും. അതിനു കാരണം ഒരു പക്ഷെ വളരെ വികാരധീനരായികൊണ്ടായിരിക്കും മിയ്ക്കവരും അത്തരം തീരുമാനങ്ങൾ എടുക്കുന്നത് എന്നത്കൊണ്ടാകാം. പിന്നെ അയഥാർത്ഥ്യമായ തീരുമാനങ്ങളായിരിക്കും ആ അവസരത്തിൽ എടുക്കുന്നത് അത് ബുദ്ധിയുദിക്കുമ്പോൾ ബുദ്ധിമുട്ടായി തോന്നുകയും ചെയ്യും. ഈ പുതുവർഷത്തെ വേറെ ഒരു ദിവസമായി മാത്രം കരുതുക. പുരോഹിതന്മാരും, ആൾ ദൈവങ്ങളും മനുഷ്യരെ കബളിപ്പിക്കാൻ ഉപയോഗിക്കുന്ന ദിവസം എന്നുകൂടി ഇതിനു

കുപ്രസിദ്ധിയുണ്ടു. ഓരോരുത്തരും അവരുടെ കുടുംബത്തിൻെറ, സമൂഹത്തിൻെറ, സംഘടനകളുടെ വാർഷികങ്ങൾ ആഘോഷിക്കുന്നുണ്ടല്ലോ, അത് തന്നെ ആഘോഷിച്ച് തീർക്കാൻ ദിവസങ്ങൾ തികയുന്നില്ല. പാലിക്കാൻ കഴിയുന്ന തീരുമാനങ്ങൾ എടുക്കുന്നത് നല്ലതാണ്. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു,കൊരിന്ത്യർ 2:17 ഒരുത്തൻ ക്രുസ്തുവിലായാൽ അവൻ പുതിയ സ്രുഷ്ടി ആകുന്നു. പഴയത് കഴിഞ്ഞ്പോയി. ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. ക്രുസ്തുവിലായാലും, ക്രുഷ്ണനിലായാലും, അല്ലാഹുവിലായാലും മാറേണ്ടത് വ്യക്തിയാണ്. വ്യക്തികൾ എടുക്കുന്ന നല്ല തീരുമാനങ്ങൾ അവരേയും അവരടങ്ങുന്ന സമൂഹത്തേയും രക്ഷിക്കുന്നു.

ഭാരതീയരായ നമ്മൾക്ക് മാത്രമല്ല പല രാജ്യകാർക്കും പുതുവർഷങ്ങൾ പല മാസത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്. ഓരോന്നിനും കാത്തിരിക്കാം. അതിൻെറ മുന്നോടിയായി ഇംഗ്ലീഷ് കലണ്ടറിലെ ആദ്യമാസമായ ജനുവരിയിലെ ഒന്നാം തിയ്യതി അടിച്ച്പൊളിക്കാം.

എല്ലാവർക്കും അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്...

ശുഭം